**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 134** **29-09-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 2016 മുതൽ നാളിതുവരെ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്നും ഇതിലൂടെ എത്ര പേരെ പുനരധിവസിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 2016-17 മുതൽ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 2016-17 മുതൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പുനരധിവാസ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് 2016-17 കാലയളവിൽ യൂണിറ്റ് ഒന്നിന് 10 ലക്ഷം രൂപ നിരക്കിൽ 129 പേർ ഭൂമി ലഭിക്കുന്നതിനായി രജിസ്റ്റർ ചെയ്യുകയും 125 പേർ ഭവന നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. 2017-18 കാലയളവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് യൂണിറ്റ് ഒന്നിന് 10 ലക്ഷം രൂപ നിരക്കിൽ ഭൂമി ലഭിക്കുന്നതിനായി 508 പേർ രജിസ്റ്റർ ചെയ്യുകയും ഇതിൽ 408 പേർ ഭവന നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. 2016-17, 2017-18 കാലയളവിൽ പുനരധിവാസവുമായി ബന്ധപ്പെട്ട് യൂണിറ്റ് ഒന്നിന് 10 ലക്ഷം രൂപ നിരക്കിൽ ഭൂമി ലഭിക്കുന്നതിനായി 746 പേർ രജിസ്റ്റർ ചെയ്യുകയും 667 പേർ ഭവന നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. ഓഖി പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് യൂണിറ്റ് ഒന്നിന് 10 ലക്ഷം രൂപ നിരക്കിൽ ഭൂമിക്കായി 48 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 34 പേർ ഭവന നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. ഇപ്രകാരം സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ഭൂമി ലഭിക്കുന്നതിലേക്കായി 1431 പേർ രജിസ്റ്റർ ചെയ്യുകയും 1234 പേർ ഭവന നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. |

പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് വഴി തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മത്സ്യ തൊഴിലാളികളുൾപ്പെടെ മുഴുവൻ ജനവിഭാഗങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ബൃഹത് പദ്ധതിയാണ് പുനർഗേഹം. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് 2019-20 സാമ്പത്തിക വർഷം സർക്കാർ ഭരണാനുമതി നല്കിയിരുന്നു.

പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ, സർക്കാർ സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ മാറിതാമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്. പുനർഗേഹം പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ടുള്ള ഭൂമി രജിസ്ട്രേഷനു സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകിയിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ ചെലവാകുന്ന തുക കൂടി ഇപ്രകാരം ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്.

വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും, നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുനർഗേഹം മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം പുനർഗേഹം പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള 2450 കോടി രൂപയിൽ നിന്നും അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരം സംസ്ഥാനത്ത് 9108 കുടുംബങ്ങളാണ് നിലവിൽ മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4442 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3892 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2584 കുടുംബങ്ങൾ ഭവന

| | | | |
|---|---|---|---|
| | | | നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1308 ഭവനങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. മാറി താമസിക്കാൻ സന്നദ്ധരായവരിൽ അനുയോജ്യമായ ഭൂമി കണ്ടെത്താൻ കഴിയാത്തവർ ഭൂമി കണ്ടെത്തി റിപ്പോർട്ട് ചെയ്യപ്പെടുന്ന മുറയ്ക്ക് ജില്ലാതല സമിതി കൂടി തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. പദ്ധതി പ്രകാരം വിവിധ ജില്ലകളിലായി 788 ഫ്ലാറ്റുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), കാരോട് രണ്ടാം ഘട്ടം (24) എന്നിവിടങ്ങളിലായി 120 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്. പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി വിവിധ ജില്ലകളിലായി 76.92 ഏക്കർ ഭൂമി കണ്ടെത്തി ഫിഷറീസ് വകുപ്പിന് ലഭ്യമാക്കുന്ന നടപടികൾ ജില്ലാ കളക്ടർ/ലാന്റ് & റവന്യൂ കമ്മീഷണർ/ ബന്ധപ്പെട്ട വകുപ്പുകൾ എന്നിവർ സ്വീകരിച്ചു വരുന്നു. |
| (ബി) | 2011-2016 കാലഘട്ടത്തിൽ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | 2011-2016 കാലഘട്ടത്തിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കിയ ഭവന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | 2016-ലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ കടലാക്രമണത്താൽ വീട് നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | 2016ലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ കടലാക്രമണത്താൽ വീട് നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം ജില്ലയിൽ 2016ലെ സർക്കാരിന്റെ കാലത്ത് കടലാക്രമണത്താൽ വീട് നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിഞ്ഞിരുന്നവരും ക്ഷേമനിധി ബോർഡിൽ അംഗത്വം ഉണ്ടായിരുന്നതുമായ 192 കുടുംബങ്ങളെ മുട്ടത്തറയിലെ പ്രതീക്ഷ ഫ്ലാറ്റിൽ പുനരധിവസിപ്പിച്ചിട്ടുണ്ട്.<br><br>ആലപ്പുഴ ജില്ലയിൽ 2016 ലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ കടലാക്രമണത്താൽ വീട് നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 2016 ലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ കടലാക്രമണത്താൽ വീട് നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന 100 കുടുംബങ്ങളിൽ 87 കുടുംബങ്ങളെ 2017-18 ഭൂരഹിത ഭവന രഹിത പദ്ധതി പ്രകാരവും, 13 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതി പ്രകാരവും |

| | | | |
|---|---|---|---|
| | | | പുനരധിവസിപ്പിച്ചിട്ടുണ്ട്. 2017-18 BIF-HDFപദ്ധതി, ഓഖി പദ്ധതി മുതലായ പുനരധിവാസ പദ്ധതികളിൽ ഉൾപ്പെടുത്തി കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട 7 പേർക്ക് പുനരധിവാസം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ കടലാക്രമണത്താൽ വീട് നഷ്ടപ്പെട്ടവരെ പുനർഗേഹം പദ്ധതി പ്രകാരവും പുനരധിവസിപ്പിച്ചിട്ടുണ്ട്.<br><br>കോഴിക്കോട് ജില്ലയിൽ തീരദേശ മേഖലയിൽ കടലാക്രമണ ഭീഷണി നേരിട്ടു വരുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് (50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ) പുനർഗേഹം പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ഡി) | എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് ഫ്ലാറ്റ് നിർമ്മിച്ച് പുനരധിവസിപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | പുനർഗേഹം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ കാരോട് നിറവ് ഫ്ലാറ്റ്(128), ബീമാപള്ളി നിലാവ് ഫ്ലാറ്റ് (20), മുട്ടത്തറ പ്രത്യാശ ഫ്ലാറ്റ് (332), മുട്ടത്തറ പ്രതീക്ഷ ഫ്ലാറ്റ് (192), കൊല്ലം ജില്ലയിൽ QSS കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128), ഉണ്ണ്യാൽ (16) എന്നീ കെട്ടിട സമുച്ചയങ്ങളിലായി 738 പേരെ പുനരധിവസിപ്പിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ 80 മത്സ്യത്തൊഴിലാളികൾക്കുള്ള ഫ്ലാറ്റ് നിർമ്മാണം ജില്ലയിൽ വെസ്റ്റ് ഹിൽ ചുങ്കത്ത് പുരോഗമിച്ചു വരുന്നു. കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ കോയിപ്പാടി വില്ലേജിൽ നാരായണ മംഗലത്ത് 144 ഫ്ലാറ്റ് സമുച്ചയ നിർമ്മാണം പുരോഗമിച്ചു വരുന്നു. കൂടാതെ തിരുവനന്തപുരം മുട്ടത്തറ (68), ആലപ്പുഴ ജില്ലയിലെ മണ്ണുംപുറം (204), മലപ്പുറം ജില്ലയിലെ പൊന്നാനി (100) എന്നിവിടങ്ങളിലുമായി ആകെ 596 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## 2011 മുതൽ 2016 കാലഘട്ടത്തിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കിയ ഭവന പദ്ധതികളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പൂർത്തിയാക്കിയത് |
|---|---|---|
| 1 | 13-ാം ധനകാര്യ കമ്മീഷൻ - തെരഞ്ഞെടുത്ത 11 മത്സ്യഗ്രാമങ്ങളിൽ യൂണിറ്റ് കോസ്റ്റ് - 2.50 ലക്ഷം രൂപ (2011-12 മുതൽ 2014-15 വരെ) | 1890 |
| 2 | 13-ാം ധനകാര്യ കമ്മീഷൻ - മറ്റു മത്സ്യഗ്രാമങ്ങളിൽ യൂണിറ്റ് കോസ്റ്റ് - 2.00 ലക്ഷം രൂപ (2011-12 മുതൽ 2014-15 വരെ) | 2805 |
| 3 | 13-ാം ധനകാര്യ കമ്മീഷൻ - ഫിഷർമെൻ കോളനി നവീകരണം - യൂണിറ്റ് കോസ്റ്റ് - 2.00 ലക്ഷം രൂപ (2011-12 മുതൽ 2014-15 വരെ) | 522 |
| 4 | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി 2012-13 യൂണിറ്റ് കോസ്റ്റ് - 2.00 ലക്ഷം രൂപ | 792 |
| 5 | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി 2013-14 യൂണിറ്റ് കോസ്റ്റ് - 2.00 ലക്ഷം രൂപ | 791 |
| 6 | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി 2014-15 യൂണിറ്റ് കോസ്റ്റ് - 2.00 ലക്ഷം രൂപ | 780 |
| 7 | സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2014-15 യൂണിറ്റ് കോസ്റ്റ് - 2.00 ലക്ഷം രൂപ | 1764 |
| 8 | അടിസ്ഥാന സൗകര്യ വികസന പദ്ധതി 2015-16 യൂണിറ്റ് കോസ്റ്റ് - 2.00 ലക്ഷം രൂപ | 4806 |
| 9 | വാസയോഗ്യമായ ഭവനം നിർമ്മിക്കുന്നതിന് ധനസഹായം 2015-16 യൂണിറ്റ് കോസ്റ്റ് - 2.00 ലക്ഷം രൂപ (KSCDCF മുഖേന) | 143 |
| | **ആകെ** | **14293** |

Schethe

**സെക്ഷൻ ഓഫീസർ**